പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2549 — 08.05.2017-ലെ മറുപടി

ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ആലത്തൂർ മണ്ഡലത്തിൽ പുതുതായി കുടിവെള്ള പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ ഉണ്ട്. |
| ബി എങ്കിൽ അവ ഏതെല്ലാമെന്നും എപ്പോൾ തുടങ്ങുമെന്നും വിശദമാക്കുമോ? | ബി ആലത്തൂർ നിയോജക മണ്ഡലത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി 20 കോടി രൂപയുടെ ഒന്നാംഘട്ടത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങളായ 24.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 25 ശതമാനത്തിൽ കുറഞ്ഞ പുരോഗതിയുള്ള പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധന കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയത് മൂലം പദ്ധതിക്കാവശ്യമായ ഫണ്ട് മറ്റൊരു സ്രോതസ്സിൽ നിന്നും കണ്ടെത്തുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിന് കെ.ഐ.ഐ.എഫ്.ബി (KIIFB) യിൽ ഉൾപ്പെടുത്തി 75 കോടിയുടെ പ്രൊപ്പോസൽ പി.എച്ച്.ഡി വിഭാഗം രൂപകൽപ്പന ചെയ്യുന്നുണ്ട്.<br><br>കൂടാതെ ഈ നിയോജക മണ്ഡലത്തിലെ മേലാർകോട് പഞ്ചായത്ത് ഉൾപ്പെട്ട പോത്തുണ്ടി ഡാം സ്രോതസ്സായ നെന്മാറ, അയിലൂർ, മേലാർകോട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ 1100 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രവൃത്തികൾ നടന്നു വരുന്നു.<br><br>ഇതിന്റെ രണ്ടാം ഘട്ടം കെ.ഐ.ഐ. എഫ്.ബി (KIIFB) യിൽ ഉൾപ്പെടുത്തി 24.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നെന്മാറ, അയിലൂർ സോണിലെ പമ്പിംഗ് മെയിൻ, അയിലൂർ, മേലാർകോട് സോണുകളിലെ പമ്പ് സെറ്റുകൾ എന്നിവ ടെണ്ടർ ചെയ്തിട്ടുണ്ട്. പാക്കേജ് 2-ൽ ഉൾപ്പെടുത്തി മേലാർകോട് സോണിലെ വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉത്തര മേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിൽ ആണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ